**Lalith Babu**

# ലാൻഡ് ട്രൈബ്യൂണൽ

**The kerala Land Reforms Act, 1963** ലെ വ്യവസ്ഥ പ്രകാരമാണ് ലാൻഡ് ട്രൈബ്യൂണൽ സ്ഥാപിച്ചത്. കുടികിടപ്പുമായി ബന്ധപ്പെട്ട അവകാശ തർക്കങ്ങൾ തീർപ്പാക്കുന്നതിന് വേണ്ടിയാണ് ലാൻഡ് ട്രൈബ്യൂണൽ സ്ഥാപിതമായത്. മുൻസിഫിന്റെ പദവിയിലുള്ള ജൂഡീഷ്യൽ ഉദ്യോഗസ്ഥനോ അല്ലെങ്കിൽ തഹസിൽദാറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനോ ആയ ഒരു ഏകാംഗം ആയിരിക്കും ലാൻഡ് ട്രൈബ്യൂണൽ. ലാന്റ് ട്രൈബ്യൂണലിന്റെ തീരുമാനങ്ങ ൾക്കെതിരെ അപ്പീൽ അധികാരിയുമുണ്ട്. സബ് ജഡ്ജിന്റെ പദവിയിൽ താഴെയല്ലാത്ത ഒരു ജൂഡീഷ്യൽ ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ഡെപ്യൂട്ടി കളക്ടറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനോ ആയ ഒരു ഏകാംഗം ആയിരിക്കും അപ്പീൽ അധികാരി

ട്രൈബ്യൂണലുകൾ കോടതികൾ (quasi judicial) തന്നെയാണെങ്കിലും നിയമത്തിന്റെ സങ്കീർണതകൾ ഒഴിവാക്കി തർക്കങ്ങൾക്ക് പരിഹാരം ഉണ്ടാക്കുക എന്നതാണ് പ്രധാനമായും ട്രൈബ്യൂണലുകളുടെ ലക്ഷ്യം. ട്രൈബ്യൂണലുകൾക്ക് പ്രത്യക ചട്ടങ്ങൾ ഉണ്ട്. എന്നിരുന്നാലും ആവശ്യമെങ്കിൽ **CPC** ലെയും **Evidence Act** ലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളും സ്വീകരിക്കുന്നതാണ്